## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3074 18.10.2016- ൽ മറുപടിക്ക്

**"ചെറുകിട - ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ നയം "**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ. പ്രദീപ്കുമാർ<br>,, കെ. ആൻസലൻ<br>,, കെ.ഡി. പ്രസേനൻ<br>,, ആർ. രാജേഷ് | ശ്രീ. പിണറായി വിജയൻ<br>(ബഹു. മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ) | വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അനുമതിക്കായി അനാവശ്യമായി ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ നടപടി ഉണ്ടാകുമോ; | എ) | വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അതിവേഗ അനുമതിക്കായി ജില്ലാ/സംസ്ഥാന തലങ്ങളിൽ ഏകജാലക സംവിധാനം പ്രവർത്തിച്ചുവരുന്നു. |
| ബി) | പരിസ്ഥിതി മലിനീകരണം ഉണ്ടാക്കാത്തതും സ്ഥലലഭ്യത കണക്കിലെടുത്തും ചെറുകിട - ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ നയം രൂപീകരിക്കുമോ ? | ബി) | പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാക്കാത്തതും കുറഞ്ഞ വൈദ്യുതി ഉപഭോഗം ആവശ്യമുള്ളതും യുവജനങ്ങൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യുന്നതുമായ പരിസ്ഥിതി സൗഹാർദ്ദ വ്യവസായ വികസനത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു പുതുക്കിയ വ്യവസായ നയം നടപ്പിലാക്കാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നു. പാരിസ്ഥിതിക പ്രശ്നങ്ങളും വൈദ്യുതി ഉപഭോഗവും കുറഞ്ഞ ഫാർമസി വ്യവസായവും ഹൈ എൻഡ് ഇലക്ട്രോണിക് മാനുഫാക്ചറിംഗ് വ്യവസായവും ആരംഭിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ട്. യുവജനങ്ങൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യുന്നതരത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയിൽ പുതിയതായി 15,000 യൂണിറ്റുകൾ ആരംഭിച്ച് 80,000 പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നു. ഭൂമിയുടെ |

| | | | |
|---|---|---|---|
| | | | ദൗർലഭ്യം പരിഹരിക്കുന്നതിന് ഇൻഡസ്ട്രിയൽ ഏരിയകളിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കുക, സ്വകാര്യ നിക്ഷേപത്തോടെ പുതിയ വ്യവസായ പാർക്കുകൾ സ്ഥാപിക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള അനുയോജ്യമായ ഭൂമി വ്യവസായ പാർക്ക്/ഏരിയ ആയി വികസിപ്പിച്ച് യുവാക്കൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അവസരമൊരുക്കുക, ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് സ്മോൾ ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കുക, കരകൗശല ഉല്പന്നങ്ങളുടെ വിപണന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് ടൂറിസം മേഖലയുടെ സഹായത്തോടെ ബ്രാൻഡ് ബിൽഡിംഗ് ക്യാമ്പെയിൻ സംഘടിപ്പിക്കുക, ദേശീയ അന്തർദ്ദേശീയ അംഗീകാരം നേടാൻ കഴിയുന്ന പ്രദർശനം സംഘടിപ്പിക്കുക, ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സീസൺ പ്രദർശന മേളകൾ സംഘടിപ്പിക്കുക, കൈതൊഴിലാളികൾ സംരംഭകരായി മാറി പുതിയ കരകൗശല വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ സാധിക്കുന്ന തരത്തിലുള്ള പരിശീലനം നൽകുക എന്നിവയും ആലോചിക്കുന്നു. ചെറുകിട വ്യവസായ മേഖലയിൽ വ്യവസായങ്ങളാരംഭിക്കുന്നതിന് സെൽഫ് സർട്ടിഫിക്കേഷൻ പദ്ധതിയിലൂടെ നടപടി ക്രമങ്ങൾ ലഘൂകരിക്കാനും ഉദ്ദേശിക്കുന്നു. |

**സെക്ഷൻ ഓഫീസർ**